പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4017 | 11.11.2019 -ൽ മറുപടിക്ക്.

**പ്രളയകാലത്ത് വിതരണം ചെയ്ത അരി**

| ചോദ്യം<br>**ശ്രീ.എ.പി. അനിൽ കുമാർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2019-ലെ പ്രളയകാലത്ത് വിതരണം ചെയ്യാൻ ഒരു ലക്ഷം ടൺ അരി സംസ്ഥാനത്തിന് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;<br>(ബി) പ്രസ്തുത അരിക്ക് കേന്ദ്രം വില നൽകണമെന്ന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ എത്ര തുകയായിരുന്നു എന്നറിയിക്കാമോ ; | (എ) & (ബി) 2019-ലെ പ്രളയത്തോടനുബന്ധിച്ച് പ്രളയ ബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷൻ വിതരണം നടത്തുന്നതിനായി പ്രതിമാസം 95329 മെട്രിക് ടൺ അരി മൂന്നുമാസക്കാലത്തേയ്ക്ക് സൗജന്യമായോ എൻ.എഫ്.എസ്.എ നിരക്കിലോ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയത് എം.എസ്.പി ഡിറൈവ്ഡ് നിരക്കിലേ നല്കാൻ കഴിയുകയുള്ളൂ എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നത്. |
| (സി) അന്ത്യോദയ, അന്നയോജന വിഭാഗത്തിൽ അനർഹരായവർക്ക് അരി നൽകാതെ മിച്ചം വന്ന അരി പ്രളയബാധിതർക്ക് വിതരണം ചെയ്യുവാൻ അനുമതി തേടിയിരുന്നോ; ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു; വ്യക്തമാക്കാമോ ? | (സി) അന്ത്യോദയ അന്നയോജന വിഭാഗത്തിൽ നീക്കിയിരിപ്പുള്ള അരി പ്രളയ ബാധിതർക്ക് വിതരണം ചെയ്യുവാൻ കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ അനുമതി നിഷേധിക്കുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ